ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുനഃസംഘടനാ നിർദ്ദേശങ്ങൾ

* 133. [136] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വർക്കല രാധാകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-ൽ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഡയറക്ടർമാർക്ക് പുനഃസംഘടനാ നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നുവോ ;

(ബി) എങ്കിൽ അവ എന്തെക്കായിരുന്നു ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ മറികടന്ന് കോർപ്പറേഷനിലെ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം അത് ബാധകമാക്കിയ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഡയറക്ടർ ബോർഡ് അംഗീകരിച്ച പുനഃസംഘടനാ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) അംഗീകരിച്ചിരുന്നു.

(ബി) പുനഃസംഘടനാ നിർദ്ദേശങ്ങൾ അനുസരിച്ച് അനുവദിച്ച തസ്തികകളുടെയും നടത്തിയ നിയമനങ്ങളുടെയും വിശദ വിവരങ്ങൾ മേശപ്പുറത്ത് വച്ചിട്ടുണ്ട് †.

(സി) അങ്ങനെ ഉണ്ടായിട്ടില്ല

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിദേശമദ്യം

* 134. [137] ശ്രീ. സി. കെ. ചക്രപാണി :
,, സി. ടി. കൃഷ്ണൻ :
,, എം. ജിനദേവൻ :
,, കെ. മൂസ്സക്കുട്ടി :
,, ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജ് കോർപ്പറേഷൻ ആവശ്യമുള്ള വിദേശമദ്യം വാങ്ങുന്നത് എങ്ങനെയാണ് ;

(ബി) ഡിസ്റ്റിലറിയിൽ നിന്നും നേരിട്ടോ അതോ ഏജൻസി മുഖാന്തിരമാണോ ;

(സി) ഏജൻസി മുഖാന്തിരമാണെങ്കിൽ ഏജൻസികളും ആരൊക്കെയാണ്?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ടെണ്ടർ അല്ലെങ്കിൽ റേറ്റ് കോൺട്രാക്റ്റ് വഴി.

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിസ്റ്റിലറിയിൽ നിന്നും നേരിട്ട്.

(സി) ഉദിക്കുന്നില്ല.

ലേലം കൊള്ളാത്ത ഷാപ്പുകൾ

* 135. [138] ശ്രീ. കെ. ടി. കുമാരൻ :
,, ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 ലേക്കുള്ള അബ്കാരി ലേലത്തിന്റെ ആദ്യ റൗണ്ട് 12-3-1986-ൽ പൂർത്തിയായപ്പോൾ ലേലം കൊള്ളാത്ത ഷാപ്പുകൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിദേശമദ്യം, ചാരായം, കള്ള് എന്നീ ഓരോ ഇനത്തിലും എത്രയെന്നും ലേലം കൊള്ളാതിരിക്കാൻ കാരണമെന്തെന്നും വ്യക്തമാക്കാമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഉണ്ട്

(ബി)

കള്ള്	1624 എണ്ണം
ചാരായം	220 ഗ്രൂപ്പുകൾ
വിദേശമദ്യം (ചില്ലറ)	54 എണ്ണം
വിദേശമദ്യം (മൊത്തം)	63 എണ്ണം

ഒന്നാം റൗണ്ട് ലേലം പൂർത്തിയായപ്പോൾ തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ കോൺട്രാക്റ്റർമാർ ലേലം ബഹിഷ്ക്കരിച്ചതുമൂലം അവിടങ്ങളിൽ ഒറ്റ മദ്യഷാപ്പുപോലും ലേലത്തിൽ പോയില്ല. മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പൊതു ശ്മശാനങ്ങൾ എന്നിവയിൽ നിന്നും നിയമം അനുശാസിക്കുന്ന അകലങ്ങളിൽ അയവു വരുത്തി പ്രത്യേകാനുമതി കൊടുക്കുന്ന സമ്പ്രദായം 1-4-1986 മുതൽ നിർത്തൽ ചെയ്തതിൽ പ്രതിഷേധിച്ചാണ് ഇപ്രകാരം ലേലം ബഹിഷ്ക്കരിച്ചത്.

പാഠപുസ്തകങ്ങളുടെ അച്ചടി

* 136. [139] ശ്രീ. സി. വാസുദേവമേനോൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾ സംസ്ഥാനത്തിന് വെളിയിലുള്ള പ്രസ്സുകളിൽ അച്ചടിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനത്തുള്ള പ്രസ്സുകളിൽ ;

(സി) അന്യ സംസ്ഥാനങ്ങളിൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ നമ്മുടെ സംസ്ഥാനത്തെ പ്രസ്സുകളിൽ തന്നെ അച്ചടിക്കുന്നതിന് എന്താണ് തടസ്സം ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി അന്യ സംസ്ഥാനങ്ങളിൽ നടത്തുന്നതുമൂലം സർക്കാരിന് വല്ല ലാഭവുമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly